# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 559** — **27.02.2018- ൽ മറുപടിയ്ക്ക്**

## സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എം. ഉമ്മർ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകളിലെ പണയ ഉരുപ്പടികൾ പരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) സഹകരണ ബാങ്കുകളിൽ സ്വർണ്ണ ഉരുപ്പടികൾ പരിശോധിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 22/2016, 13/2018 എന്നീ സർക്കുലറുകൾ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പണയ ഉരുപ്പടികൾ കൈകാര്യം ചെയ്യുന്നതിൽ കൃത്രിമം കാണിക്കുന്നതും സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നതും സഹകരണ ബാങ്കുകളിൽ തുടർന്നു വരുന്നതായി ആക്ഷേപമുയർന്നിരിക്കുന്ന സാഹചര്യത്തിൽ ആയത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) സഹകരണ സംഘങ്ങളിൽ സ്വർണ്ണപ്പണയാഭരണ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 22/2016 സർക്കുലർ പ്രകാരം കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ഇതിനു പുറമെ സഹകരണ സംഘം രജിസ്ട്രാറുടെ പ്രത്യേക നിർദ്ദേശപ്രകാരം വായ്പേതര സഹകരണ സംഘങ്ങളിലെ സ്വർണ്ണപ്പണയ പരിശോധന നടത്തുകയും വായ്പ സംഘങ്ങളുടെ സ്വർണ്ണപ്പണയ പരിശോധന നടത്തുന്നതിന് നിർദ്ദേശവും നൽകിയിട്ടുള്ളതാണ്. എന്നാൽ പണയ ഉരുപ്പടികൾ കൈകാര്യം ചെയ്യുന്നതിൽ കൃത്രിമം കാണിക്കുന്നതും സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നതും സഹകരണ ബാങ്കുകളിൽ തുടർന്നു വരുന്നതായി ആക്ഷേപമുയർന്നിരിക്കുന്ന സാഹചര്യത്തിൽ ആയത് തടയാൻ സഹകരണ സംഘം രജിസ്ട്രാർ 13/2018 സർക്കുലർ പ്രകാരം 22/2016 സർക്കുലറിലെ നിർദ്ദേശങ്ങളെ കുറച്ചുകൂടി സ്പഷ്ടീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ്ണപ്പണയ പണ്ടങ്ങളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പു വരുത്തുന്നതിന് സംഘം തലത്തിൽ ഒരുകമ്മിറ്റിയെ രൂപീകരിക്കുകയും സംഘത്തിൽ നടക്കുന്ന എല്ലാ സ്വർണ്ണപ്പണയ ക്രമക്കേടുകൾക്കും പൂർണ്ണ ഉത്തരവാദിത്തം ടി കമ്മിറ്റിക്കും സംഘത്തിലെ ഭരണ സമിതി അംഗങ്ങളിലും നിക്ഷിപ്തമാക്കി |

വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) സഹകരണ രജിസ്ട്രാറിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ ബാങ്കുകളിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്ര ജീവനക്കാരെ സാമ്പത്തിക ക്രമക്കേടിന് സസ്പെന്റ് ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ;

(സി) സഹകരണ രജിസ്ട്രാറിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ ബാങ്കുകളിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 164 ജീവനക്കാരെ സാമ്പത്തിക ക്രമക്കേടിന് സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരത്തിൽ സസ്പെൻഷനിലായ മാനേജർമാർ, ഹെഡ് ക്ലാർക്ക്, അപ്രൈസർ എന്നിവരുടെ വിശദാംശം നൽകുമോ;

(ഡി) **മാനേജർമാർ**

1. ശ്രീമതി. ശശികല, ബ്രാഞ്ച് മാനേജർ (അയിരൂർപ്പാറ എസ്.സി.ബി)
2. ശ്രീ. ഷാജി, ബ്രാഞ്ച് മാനേജർ (മാധവ വിലാസം എസ്.സി.ബി)
3. ശ്രീ. പ്രശീലൻ, മാനേജർ (ചിറയിൻകീഴ് എസ്.സി.ബി)
4. ശ്രീമതി. ഷീജ എസ്. മാനേജർ (നരുവാമൂട് എസ്.സി.ബി)
5. ശ്രീമതി. ജ്യോതി മധു. ബ്രാഞ്ച് മാനേജർ ( മാവേലിക്കര താലൂക്ക് എസ്.സി.ബി)
6. ശ്രീ. ഷിജു പോൾ (ബ്രാഞ്ച് മാനേജർ ഇൻ ചാർജ്ജ്) കവളങ്ങാട് എസ്.സി.ബി, നേര്യമംഗലം ബ്രാഞ്ച്)
7. ശ്രീമതി. കെ.എ. സീന, ബ്രാഞ്ച് മാനേജർ (ഏറിയാട് എസ്.സി.ബി)
8. ശ്രീ. ശശികുമാർ. എ.ജി, ബ്രാഞ്ച് മാനേജർ ( കോട്ടപ്പടി എസ്. സി. ബി)
9. ശ്രീമതി. സ്മിത, ബ്രാഞ്ച് മാനേജർ (വെള്ളാനിക്കര എസ്. സി. ബി)
10. ശ്രീ. ജോഷി, ജനറൽ മാനേജർ (കോടഞ്ചേരി എസ്. സി. ബി)
11. ശ്രീ. ശ്രീജിത്ത്, മാനേജർ (കാലിക്കറ്റ് സിറ്റി സഹകരണ ബാങ്ക്)
12. ശ്രീ. ദേവൻ, ശാഖ മാനേജർ (പല്ലശ്ശന എസ്.സി.ബി) പല്ലാവൂർ ശാഖ
13. ശ്രീ. സന്തോഷ് കുമാർ , ശാഖ മാനേജർ (മുട്ടത്തൊടി എസ്.സി.ബി)
14. ശ്രീമതി. വി.റ്റി. ലക്കിമോൾ, ബ്രാഞ്ച് മാനേജർ ( കോടിമത എസ്. സി ബി)
15. ശ്രീ. സജീവ് പി. എസ്. ബ്രാഞ്ച് മാനേജർ (കോടിമത എസ്. സി. ബി)
16. ശ്രീമതി. ഗീത കുമാരി കെ. ആർ. ബ്രാഞ്ച് മാനേജർ (ഏറ്റുമാനൂർ എസ്.

സി. ബി)

17. ശ്രീ. സാബു. കെ കെ, ബ്രാഞ്ച് മാനേജർ (മുളക്കുളം എസ്. സി. ബി)

**ഹെഡ്ക്ലാർക്ക്/അക്കൗണ്ടന്റ്, അപ്രൈസർ**

1. ശ്രീമതി. ജയകുമാരി, അക്കൗണ്ടന്റ് (ഡീസന്റ് ജംഗ്ഷൻ എസ്.സി.ബി)
2. ശ്രീ. നവാസ് അക്കൗണ്ടന്റ്. (മയ്യനാട് എസ്.സി.ബി)
3. ശ്രീ. ഷിഹാദ്, അക്കൗണ്ടന്റ് (വലിയകുഴി എസ്.സി.ബി)
4. ശ്രീമതി. മഞ്ജുള ദേവി, ചീഫ് അക്കൗണ്ടന്റ് (കണിച്ചുകുളങ്ങര എസ്.സി.ബി)
5. ശ്രീമതി. കുഞ്ഞ് ഖദീജ, ചീഫ് അക്കൗണ്ടന്റ് (പട്ടണക്കാട് എസ്.സി.ബി)
6. ശ്രീ.വിപുൻ.കെ. ദാസ്, അപ്രൈസർ (കാലിക്കറ്റ് സിറ്റി സർവ്വീസ് സഹകരണ ബാങ്ക്)
7. ശ്രീമതി. സനിത കുമാരി.കെ.വി, ചീഫ് അക്കൗണ്ടന്റ് (വളപ്പട്ടണം എസ്.സി.ബി)
8. ശ്രീ. രാംദാസ്.കെ, അക്കൗണ്ടന്റ്, (മജ്ബയിൽ.എസ്.സി.ബി)
9. ശ്രീ.ചക്രേഷ, അപ്രൈസർ (മജ്ബയിൽ എസ്.സി.ബി)
10. ശ്രീ രവീന്ദ്രൻ. സി, അപ്രൈസർ, (പെരുമ്പള എസ്.സി.ബി)
11. ശ്രീ. സതീഷ്, അപ്രൈസർ (മുട്ടത്തൊടി എസ്.സി.ബി)
12. ശ്രീ. സത്യപാലൻ. അപ്രൈസർ (മുട്ടത്തൊടി എസ്. സി.ബി)
13. ശ്രീ. കുഞ്ഞിരാമൻ പി.വി. അപ്രൈസർ (പീലിക്കോട് എസ്.സി.ബി)

(ഇ) ഇവരെ വീണ്ടും സർവ്വീസിൽ പ്രവേശിപ്പിച്ചതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

(ഇ) സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചവരെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീമതി. ജയകുമാരി, അക്കൗണ്ടന്റ് (ഡീസന്റ് ജംഗ്ഷൻ എസ്.സി.ബി) - സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് തരം താഴ്ത്തി ജോലിയിൽ പ്രവേശിപ്പിച്ചു.
2. ശ്രീമതി. സ്മിത, ബ്രാഞ്ച് മാനേജർ (വെള്ളാനിക്കര എസ്. സി. ബി) - അന്വേഷണ റിപ്പോർട്ട് ലഭിക്കാത്ത സാഹചര്യത്തിൽ ഒരു വർഷത്തിന്

ശേഷം താത്ക്കാലികമായി ജോലിയിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്.

3. ശ്രീ. ദേവൻ, ശാഖ മാനേജർ (പല്ലശ്ശന എസ്.സി.ബി) പല്ലാവൂർ ശാഖ-ടിയാനെ 01.06.2015 മുതൽ നൽകിയിരുന്ന വേതനത്തിൽ 2 ഇൻക്രിമെന്റുകൾ കുറവ് ചെയ്തും, സംഘത്തിന്റെ സാമ്പത്തിക ചുമതലകളിൽ നിന്ന് മാറ്റി നിർത്തിക്കൊണ്ടുള്ള ശിക്ഷ നടപടികൾ കൈക്കൊണ്ടും, ടിയാന്റെ മാപ്പപേക്ഷ പരിഗണിച്ചും ഭരണ സമിതി സർവ്വീസിൽ തിരിച്ചെടുത്തു.

4. ശ്രീ. രാംദാസ്.കെ, അക്കൗണ്ടന്റ്, (മഞ്ഞളൂർ.എസ്.സി.ബി) - ടിയാനെ അച്ചടക്ക നടപടികളുടെ ഭാഗമായി ക്യുമിലേറ്റീവ് എഫക്ടോടുകൂടി 2 ഇൻക്രിമെന്റ് തടഞ്ഞ് വച്ചതിന് ശേഷം 01.11.2016 ൽ തിരികെ ജോലിയിൽ പ്രവേശിപ്പിച്ചു.

5. ശ്രീ. സാബു. കെ.കെ. ബ്രാഞ്ച് മാനേജർ (മുളക്കുളം എസ്.സി.ബി) - ടിയാനെ ശിക്ഷണ നടപടികളുടെ ഭാഗമായി ഒരു ഇൻക്രിമെന്റ് സഞ്ചിതമായി തടഞ്ഞതിനുശേഷം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു.

**സെക്ഷൻ ഓഫീസർ**